**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം— വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പെടെ) യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

**സ.ഉ.(പി) നം.**1/2014/**ഉ.ഭ.പ.വ.** തിരുവനന്തപുരം, തീയതി 03.01.2014

---

പരാമർശം:— 1) 10.01.1974 -ലെ സ.ഉ. (പി) നം. 11/1974/പി.ഡി.
2) 05.04.2010 - ലെ സ.ഉ. (പി) നം. 12/2010/ഉ.ഭ.പ.വ.
3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28.11.2013 - ലെ AV(1) 21245/2013/GW നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം, പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കായി, എൽ.ഡി. ടൈപ്പിസ്റ്റ്, എൽ.ഡി.ക്ലാർക്ക്, ടൈപ്പിസ്റ്റ് ക്ലാർക്ക്, കോപ്പിയിസ്റ്റ് എന്നീ ക്ലാസ് III തസ്തികകളിലെ 5% ഒഴിവുകൾ, ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായി സംവരണം ചെയ്തിട്ടുണ്ട്. തുടർന്ന് 2006 - ലെ ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം മേൽ പ്രസ്താവിച്ച 5% ക്വാട്ട, 10% ആക്കി ഉയർത്തി നൽകിയിട്ടുണ്ട്.

**2.** പരാമർശിത ഉത്തരവുകൾക്ക് പുറമെ, നിലവിൽ റവന്യൂ, തദ്ദേശ സ്വയംഭരണം, പൊതുഭരണം, ആസൂത്രണ സാമ്പത്തിക കാര്യം, തൊഴിൽ എന്നീ വകുപ്പുകളിൽ നിന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം

ക്ലാസ്സ് IV ജീവനക്കാർക്ക് യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ്സ് III തസ്തികകളിലേക്ക് (പബ്ലിക് സർവ്വീസ് കമ്മീഷന്റെ by transfer appointment വഴിയല്ലാതെ) വകുപ്പു തലത്തിൽ എൽ.ഡി. ക്ലാർക്കായി നിയമനം നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഒരേ റാങ്ക്ലിസ്റ്റിൽ നിന്ന് നിയമിതരാകുന്ന ജീവനക്കാർക്ക് പല തരത്തിലുള്ള പ്രൊമോഷൻ/ ബൈട്രാൻസ്ഫർ സാധ്യതകൾ ഉണ്ടാകുന്നത് വിവേചനപരമാണ് എന്നതിനാൽ ഇക്കാര്യത്തിൽ ഒരു ഏകീകരണം ആവശ്യമാണ് എന്ന് സർക്കാർ കണ്ടെത്തിയതിനെ തുടർന്ന് സർക്കാരിന്റെ എല്ലാ വകുപ്പുകളിലെയും ക്ലാസ് IV ജീവനക്കാർക്കു പുറമെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ ക്ലാസ് III തസ്തികകളായ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% തസ്തികമാറ്റം നൽകുന്നതിന്മേൽ താൽക്കാലിക തീരുമാനം കൈകൊണ്ട് ആയതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

**3.** വിവിധ വകുപ്പുകളിലെ ക്ലാസ് IV ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും അതതു വകുപ്പുകളിലെ എൽ.ഡി.സി., എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് 10% വകുപ്പുതലത്തിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശം കമ്മീഷൻ വിശദമായി പരിശോധിക്കുകയും '10%' എന്നത് '5%' എന്ന ഭേദഗതിയോടെ പ്രസ്തുത നിർദ്ദേശത്തോട് യോജിക്കുവാൻ തീരുമാനിക്കുകയും ചെയ്തതായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ പരാമർശം 3 മുഖേന സർക്കാരിനെ അറിയിക്കുകയുണ്ടായി.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.04.2010 - ലെ സ.ഉ. (പി) നം. 12/2010/ഉ.ഭ.പ.വ. പ്രകാരം കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് അതാത് വകുപ്പുകളിലെ ക്ലാസ്സ് IV / സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10 % തസ്തികമാറ്റത്തിന് പുറമെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ

ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി അതാതു വകുപ്പിലെ എൽ. ഡി.ക്ലാർക്ക്, എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേയ്ക്ക് കൂടി യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ, കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം മറികടന്ന്, തസ്തിക മാറ്റം അനുവദിച്ചു നൽകുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവാകുന്നു.

i. തസ്തികമാറ്റം ലഭിക്കുവാനർഹരായ ജീവനക്കാർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിരിക്കണം.

ii. ടി ജീവനക്കാർ താഴ്ന്ന തസ്തികയിൽ/തസ്തികകളിൽ 3 വർഷം സേവനം പൂർത്തീകരിച്ചിരിക്കണം.

**5.** എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സീനിയോറിറ്റിയുടേയും, യോഗ്യതയുടേയും അടിസ്ഥാനത്തിൽ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിലധികം വകുപ്പുതല ബൈട്രാൻസ്ഫർ നിയമനത്തിന് സ്പെഷ്യൽ റൂൾ പ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവു പ്രകാരമോ നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ടി നിയമനം 10 ശതമാനമായി അതാതു ഭരണ വകുപ്പുകൾ നിജപ്പെടുത്തേണ്ടതും സ്പെഷ്യൽ റൂളിൽ അടിയന്തിരമായി ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഇ. കെ. ഭരത് ഭൂഷൺ**
ചീഫ് സെക്രട്ടറി

എല്ലാവകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാകളക്ടർമാർക്കും

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ
സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/
അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, (ആമുഖ കത്ത് സഹിതം)

കേരള നിയമഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ ഡെപ്യൂട്ടി സ്പീക്കറുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും
പ്രൈവറ്റ് സെക്രട്ടറിമാർക്കും

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

വിവരപൊതുജനസമ്പർക്ക (Web & New media) വകുപ്പ് (പ്രചാരണത്തിന്)

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-എ,ബി,സി) വകുപ്പുകൾ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി